നം: ജെ. 308/2022

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി. ഒ.,
തിരുവനന്തപുരം-3,
തീയതി : 22/02/2022.

## ക്വട്ടേഷൻ നോട്ടീസ്

2022 മാർച്ച് 11, 12 തീയതികളിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ വച്ച് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ശിൽപ്പശാലയോടനുബന്ധിച്ചുള്ള പ്രദർശനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ കാർഷികവികസന കർഷകക്ഷേമ വകുപ്പിനുവേണ്ടി സ്റ്റാൾ തയ്യാറാക്കി പങ്കെടുക്കുന്നുണ്ട്. ആയതിലേയ്ക്ക് 6m x 3m വലുപ്പത്തിലുള്ള സ്റ്റാൾ തയ്യാറാക്കുന്നതിലേക്ക് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. മുദ്ര വച്ച ക്വട്ടേഷനുകൾ **"പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി. ഒ., തിരുവനന്തപുരം-3"** എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖാന്തിരമോ **08/03/2022 ന് രാവിലെ 10 മണിക്കുമുമ്പായി** സമർപ്പിക്കേണ്ടതാണ്. **"കാർബൺ തൂലിത കൃഷി", "മൂല്യവർദ്ധിത ഉല്പന്നങ്ങൾ", "ഞങ്ങളും കൃഷിയിലേക്ക്"** എന്ന ആശയങ്ങളെ ആധാരമാക്കി ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും നൽകുന്ന വിവരങ്ങളുടെയും ആശയങ്ങളുടേയും മാതൃകകളുടെയും അടിസ്ഥാനത്തിലാണ് സ്റ്റാൾ സജ്ജീകരിക്കേണ്ടത്. നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റാളിന്റെ മാതൃക ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ **08/03/2022 ന് രാവിലെ 11 മണിയ്ക്ക്** കൂടുന്ന **Purchase Committee** യോഗത്തിൽ വച്ച് തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആൾക്ക് ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

## നിബന്ധനകൾ

1) 6m x 3m വലുപ്പത്തിലുള്ള സ്റ്റാളാണ് തയ്യാറാക്കേണ്ടത്. സ്റ്റാളിന്റെ വലുപ്പത്തിൽ വ്യത്യാസം വരുന്നപക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാൾ സജ്ജീകരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.
2) സ്റ്റാൾ നിർമ്മാണത്തിനുള്ള അടങ്കൽ തുക 50,000/- രൂപയാണ്.
3) ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും നൽകുന്ന വിവരങ്ങളുടേയും ആശയങ്ങളുടേയും അടിസ്ഥാനത്തിലായിരിക്കണം സ്റ്റാൾ തയ്യാറാക്കേണ്ടത്.
4) സ്റ്റാൾ നിർമ്മാണത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്.
5) സ്റ്റാളിനുള്ളിൽ 42" (USB സംവിധാനത്തോടുകൂടിയത്) ടെലിവിഷൻ, റേഡിയോ എന്നിവ സ്ഥാപിക്കേണ്ടതാണ്.
6) സ്റ്റാൾ നിർമ്മാണത്തിൽ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ക്യാമ്പയിൻ ഓഫീസർ എന്നിവർ നിർദ്ദേശിക്കുന്ന മാറ്റങ്ങളും ഭേദഗതികളും വരുത്തുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.
7) ക്വട്ടേഷൻ നടപടികളുടെ ഏത് ഘട്ടത്തിലും കാരണം ബോധിപ്പിക്കാതെ ആയത് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
8) മറ്റ് സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

FARM INFORMATION BUREAU

Sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

പകർപ്പ്:

*1) ഫാം ഇൻഫർമേഷൻ ബ്യൂറോ വെബ്സൈറ്റ്*
*2) കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്*
*3) ഫാം ഇൻഫർമേഷൻ ബ്യൂറോ നോട്ടീസ് ബോർഡ്*
*4) ലോക്കൽ സർക്കുലേഷൻ*

S. Saratchandrakumar

msm/2022/